**KSACS/256/2026-PS2** കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റി
തിരുവനന്തപുരം

## ക്വട്ടേഷൻ നോട്ടീസ്

**വിഷയം : തിരുവനന്തപുരം കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുടെ ഔദ്യോഗിക ആവശ്യത്തിനായി വാഹനം വാടകയ്ക്ക് ഏറ്റെടുക്കുന്നതിന്-ക്വട്ടേഷൻ ക്ഷണിക്കുന്നത്- സംബന്ധിച്ച്.**

തിരുവനന്തപുരം കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുടെ ദൈനംദിന ഔദ്യോഗിക ആവശ്യാർത്ഥം പ്രതിമാസം 1500 കി.മി. (ആയിരത്തി അഞ്ഞൂറ് കിലോമീറ്റർ) പരിധിയെന്ന വ്യവസ്ഥയിൽ കരാർ തിയതി മുതൽ ഒരു വർഷ കാലയളവിലേക്ക് (പൂർണ സമയം) ഒരു സെഡാൻ വാഹനം (എ.സി. കാർ -5 സീറ്റർ) വാടകയ്ക്ക് ലഭ്യമാക്കുന്നതിലേക്കായി ടി വാഹനം ടാക്സിയായി രജിസ്റ്റർ ചെയ്ത വാഹന ഉടമകൾ/ ഏജൻസികൾ/ കരാറുകാർ/ സേവനദാതാകൾ എന്നിവരിൽനിന്നും മുദ്ര വച്ച ക്വട്ടേഷനുകൾ (നിർദിഷ്ട ഫോമിൽ) 2000/- രൂപയുടെ നിരതദ്രവ്യം സഹിതം താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി ക്ഷണിച്ചു കൊള്ളുന്നു.

| | | |
|---|---|---|
| 1 | **ക്വട്ടേഷൻ സമർപ്പിക്കേണ്ട വിലാസം** | **കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റി, റഡ് ക്രോസ്സ് റോഡ് തിരുവനന്തപുരം** |
| 2 | **ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി** | **22/05/2026 1 പി.എം** |
| 3 | **ക്വട്ടേഷൻ തുറക്കുന്ന തീയതി** | **22/05/2026 3 പി.എം** |

### വ്യവസ്ഥകൾ/നിബന്ധനകൾ

1. ക്വട്ടേഷനുകൾ സമർപ്പിക്കുന്ന കവറിന്റെ പുറത്ത് മുകൾ ഭാഗത്തായി "കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റി (KSACS) വാഹന ദർഘാസ്", ദർഘാസ് നംബർ എന്നിവ കൃത്യമായും രേഖപ്പെടുത്തേണ്ടതാണ്.

2. ഏതെങ്കിലും ദേശസാൽകൃത/ഷെഡ്യൂൾഡ് ബാങ്കിൽ നിന്നും പ്രൊജക്ട് ഡയറക്ടർ, കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുടെ പേരിൽ എടുത്ത 2000/- രൂപയുടെ EMD യുള്ള Demand draft ഉം ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

3. തൃപ്തികരമല്ലാത്ത സേവനത്തിനാൽ ഈ ഓഫീസിൽ നിന്നും സേവനം അവസാനിപ്പിച്ചിട്ടുള്ളവരും ഏതെങ്കിലും സർക്കാർ ഏജൻസികൾ കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളവരും ക്വട്ടേഷനുകൾ സമർപ്പിക്കാൻ യോഗ്യരല്ല.

4. കരാർ പ്രകാരം ലഭ്യമാക്കുന്ന വാഹനത്തിന്റെ മോഡൽ, രജിസ്ട്രേഷൻ തിയതി,ക്വാട്ട് ചെയ്യുന്ന നിരക്ക് എന്നിവ പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്.

5. തുക ക്വാട്ട് ചെയ്യുമ്പോൾ ഇൻകം ടാക്സ് ജി.എസ്.റ്റി തുടങ്ങി എല്ലാ ഇനം നികുതികളും ചെലവുകളും ചേർത്തുള്ള തുക പ്രത്യേകമായി രേഖപ്പെടുത്തി (ക്വാട്ട്) ചെയ്യേണ്ടതാണ്. ജി.എസ്.ടി., ഇൻകം ടാക്സ് എന്നിവ സ്രോതസ്സിൽ നിന്നും പിടിച്ച് ഒടുക്കുന്നതായിരിക്കും.

6. ക്വട്ടേഷനുകൾ നൽകുന്ന ആളുടെ /ഏജൻസിയുടെ ഉടമസ്ഥതയിലുള്ളതും, സാധുവായ ടാക്സി രജിസ്ട്രേഷൻ ഉള്ളതുമായ വാഹനം ആയിരിക്കണം.

7 . ലൈറ്റ് മോട്ടോർ വെഹിക്കിൾ ലൈസൻസും കുറഞ്ഞത് 5 വർഷം പ്രവൃത്തി പരിചയവുമുള്ള ഡ്രൈവർ സഹിതം വാഹനം ലഭ്യമാക്കേണ്ടതാണ്.

8 . കരാറുകാരന് GST Registration, PAN Card, Bank Account എന്നിവ ഉണ്ടായിരിക്കേണ്ടതും സ്ഥാപനം നിശ്ചയിക്കുന്ന വിധത്തിൽ ബാങ്ക് വഴി പേയ്മെന്റ് ലഭിക്കുന്നതിനുള്ള രേഖകൾഹാജരാക്കേണ്ടതുമാണ്.

9 . ലഭ്യമാക്കുന്ന വാഹനം രണ്ടായിരത്തി ഇരുപതാമാണ്ട് (2020) ജനുവരി മാസത്തിലോ അതിനുശേഷമോ രജിസ്റ്റർ ചെയ്തവയും മികച്ച പ്രവർത്തനക്ഷമതയുള്ളതുമായിരിക്കണം.

10. **പ്രതിമാസം ആയിരത്തി അഞ്ഞൂറ് കിലോമീറ്ററിൽ (1500 കി.മി.) ക്വാട്ട് ചെയ്യുന്ന തുക, അധികരിച്ച ദൂരത്തിന് ക്വാട്ട് ചെയ്യുന്ന തുക (കിലോമീറ്ററിന്), കുറഞ്ഞ ദൂരം ഓടിയ/ഉപയോഗിച്ച വാഹനത്തിനും, കാലപ്പഴക്കുറവുള്ള വാഹനങ്ങൾ എന്നിവ പ്രത്യേകം പരിശോധിച്ച് ആയതിൻെറ അടിസ്ഥനത്തിൽ മുൻഗണന നൽകുന്നതാണ്.**

11. ക്വട്ടേഷൻ ലഭിക്കുന്ന ആൾ ഇൻഷ്വറൻസ്, പൊല്യൂഷൻ സംബന്ധമായ എല്ലാ രേഖകളും ഉൾപ്പെടെ വാഹനം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

12. ക്വട്ടേഷൻ പരസ്യത്തിൽ ഇല്ലാത്ത നിബന്ധനകളോടെ നൽകുന്നതായ ക്വട്ടേഷനുകൾ പരിഗണിക്കുന്നതല്ല.

13. കരാർ ഉറപ്പിച്ചുകൊണ്ടുള്ള അറിയിപ്പ് ലഭിച്ച് നിശ്ചയിക്കപ്പെട്ട തീയതികളിൽ സ്വന്തം ചെലവിൽ കരാർ വയ്ക്കേണ്ടതും, അല്ലാത്തപക്ഷം അടുത്തയാൾക്ക് കരാർ നൽകുന്നതും തുടർന്നുള്ള ക്വട്ടേഷനുകൾ പങ്കെടുക്കുന്നതിൽ നിന്ന് വിലക്കുന്നതുമാണ്.

14 . കരാർ കാലാവധി ഒരു വർഷമായിരിക്കും. കരാർ കാലയളവിൽ ഒരു കാരണവശാലും പരസ്പരധാരണയിലുള്ള കരാർ തുക വർദ്ധിപ്പിച്ച് നൽകുന്നതല്ല.

15. കരാർ അംഗീകരിയ്ക്കുന്ന തുകയുടെ 10 ശതമാനം തുക സ്ഥാപന ഡയറക്ടറുടെ പേരിൽ മാറാവുന്ന ഡ്രാഫ്റ്റായി സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ കരാറിൽ ഏർപ്പെടുന്ന തീയതിയ്ക്ക് മുമ്പായി സമർപ്പിക്കേണ്ടതാണ്. കാലാവധി കഴിയുന്ന മുറയ്ക്ക് ടി തുക പലിശരഹിതമായി തിരികെ ലഭ്യമാക്കുന്നതും സ്ഥാപനത്തിന് നഷ്ടമുണ്ടാക്കുന്ന സാഹചര്യത്തിൽ മുൻകൂർ അനുമതിയില്ലാതെ തന്നെ ടി തുകയിൽ നിന്ന് നഷ്ടം നികത്തുന്നതുമാണ്.

16. വാഹനത്തിന്റെ നികുതികൾ, വാഹനത്തിൻറെയും യാത്രക്കാരുടെയും അപകട ഇൻഷ്വറൻസ്, ഡ്രൈവറുടെ വേതനം, ഡ്രൈവർക്ക് അനുവദനീയമായ ബത്ത, ഇന്ധനം, റിപ്പയറിംഗ് ചെലവുകൾ, മറ്റ് അനുബന്ധച്ചെലവുകൾ എന്നിവയെല്ലാം വാഹന ഉടമ തന്നെ വഹിക്കേണ്ടതാണ്.

17. ഒരു മാസം വാഹനം ആകെ ഓടുന്ന ദൂരം കരാറിൽ നിശ്ചയിക്കുന്ന പ്രതിമാസ ദൂരപരിധിയിൽ അധീകരിക്കുന്നപക്ഷം,വാഹനം അധികമായി ഒടുന്ന ദൂരം മൂന്ന്മാസകാലയളവിൽ ക്രമപ്പെടുത്തുന്നതാണ്. മൂന്ന്മാസകാലയളവിൽ ഓടുന്ന ദൂരം ഒരു സ്ളാബായി പരിഗണിച്ചായിരിക്കും അധിക ദൂരം ക്രമപ്പെടുത്തുന്നത്. ഇത്തരത്തിൽ ക്രമപ്പെടുത്തിയ ശേഷമുള്ള അധിക ദൂരത്തിന് മാത്രമേ തുക അനുവദിക്കുകയുള്ളൂ.

18.കരാർ കാലയളവിൽ വാഹനം പൂർണ്ണ സമയത്തേക്ക് സ്ഥാപനത്തിന് ലഭ്യമാക്കേണ്ടതാണ്. ടി വാഹനം ടി കാലയളവിൽ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ അനുവദിക്കുന്നതല്ല.

19.വാഹനം അനുബന്ധസ്ഥാപനത്തിൽ സ്ഥിരമായി പാർക്ക് ചെയ്യേണ്ടതും ഓഫീസിൽ നിന്ന് അനുമതി കൂടാതെയും കൃത്യമായി ലോഗ് രേഖപ്പെടുത്താതെയും കൊണ്ടുപോകാൻ പാടുള്ളതല്ല. ഓട്ടം കഴിഞ്ഞാലുടൻ ഓരോ ലോഗും (സമയം, ദൂരം, സ്ഥലം) ബന്ധപ്പെട്ട ഉദ്യോഗസ്ഥരെക്കൊണ്ട് സാക്ഷ്യപ്പെടുത്തി ലോഗ് ബുക്ക് വാഹനത്തിൽ സൂക്ഷിക്കേണ്ടതാണ്. ലോഗ് ബുക്കിലെ

രേഖപ്പെടുത്തലുകളും, വാഹനത്തിന്റെ ഓഡോമീറ്ററിലെ രേഖപ്പെടുത്തലും തുല്യമായിരിക്കണം.

20. ഡ്രൈവറുടെ ലൈസൻസ്, പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന രേഖകൾ ഡ്രൈവർമാർ മാറുന്ന ഇടവേളകളിൽ ഉൾപ്പെടെ എല്ലാ അവസരങ്ങളിലും മുൻകൂട്ടി നൽകേണ്ടതാണ്.

21. ഡ്രൈവർമാർ മികച്ച പെരുമാറ്റം ഉള്ളവരും ക്രിമിനൽ കേസുകളിൽ ഉൾപ്പെട്ടവരല്ലെന്നും വാഹന ഉടമ ഉറപ്പ് വരുത്തേണ്ടതാണ്.

22. കരാർ പ്രകാരമുള്ള വാഹനം ഓഫീസ് ആവശ്യത്തിനായി ലഭ്യമാക്കാത്ത പക്ഷവും, ബ്രേക്ക് ഡൗൺ ആകുന്ന പക്ഷവും പകരം വാഹനം അടിയന്തിരമായി വാഹന ഉടമ ലഭ്യമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം, പകരം വാഹനം കണ്ടെത്തുന്നതിന് സ്ഥാപനത്തിന് അവകാശമുണ്ടായിരിക്കുന്നതും അതിലൂടെയുണ്ടാകുന്ന അധിക ചെലവ് വാഹന ഉടമയുടെ ബാധ്യതയായിരിക്കുന്നതും ആയത് പ്രതിമാസ വാടകയിൽ നിന്നും കുറവ് വരുത്തുന്നതുമായിരിക്കും.

23. വാഹനം ദൈനംദിനം വൃത്തിയാക്കി സൂക്ഷിക്കേണ്ടതാണ്.

24. കരാർ കാലയളവിൽ സ്ഥാപനം ആവശ്യപ്പെടുന്ന ഗുണനിലവാരവും, ഗതാഗത വകുപ്പ്, കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നിശ്ചയിച്ചിട്ടുള്ള എല്ലാ നിയമങ്ങളും പാലിച്ച് വാഹന ദാതാക്കൾ പ്രവർത്തിക്കേണ്ടതാണ്.

25.ക്വട്ടേഷൻ സംബന്ധിച്ചുള്ള സർക്കാരിന്റെ നിലവിലുള്ള എല്ലാ നിബന്ധനകളും ഉത്തരവുകളും ഈ ക്വട്ടേഷനുകൾക്കും ബാധകമായിരിക്കും.

26. എല്ലാ ദർഘാസ് അനുബന്ധ രേഖകളും കരാറിൻറെ ഭാഗമായിരിക്കുന്നതാണ്.

27. ക്വട്ടേഷനുകളോടൊപ്പം വാഹനത്തിന്റെ എല്ലാ രേഖകളും ഹാജരാക്കേണ്ടതാണ്.

28. ഏതെങ്കിലും സാഹചര്യത്തിൽ വാഹനം മാറ്റുന്നപക്ഷം പുതിയ വാഹനത്തിന്റെ, ക്വട്ടേഷൻ പ്രകാരമുള്ള എല്ലാ രേഖകളും ഓഫീസിൽ ഹാജരാക്കേണ്ടതും, ഇപ്രകാരം നൽകുന്ന വാഹനങ്ങൾ ക്വട്ടേഷൻ പ്രകാരമുള്ള എല്ലാ നിബന്ധനകളും പാലിച്ചായിരിക്കേണ്ടതുമാണ്.

29. ഏതെങ്കിലും കാരണവശാൽ കാലയളവിന് മുമ്പ് കരാർ അവസാനിപ്പിക്കുന്ന പക്ഷം വാഹന ഉടമ/ഏജൻസി/സേവന ദാതാവ് ഒരു മാസത്തെ മുൻകൂർ നോട്ടീസ് നൽകേണ്ടതാണ്. അല്ലാത്തപക്ഷം നോട്ടീസ് കാലാവധിയുടെ ആനുപാതികമായ തുക വാടകയിൽ നിന്നും കുറവ് ചെയ്യുന്നതാണ്.

30. ക്വട്ടേഷൻ നിബന്ധനകൾ ലംഘിക്കുന്നപക്ഷവും അല്ലാതെയും മുൻകൂർ നോട്ടീസ് ഇല്ലാതെ തന്നെ കരാർ അവസാനിപ്പിക്കുന്നതിന് സ്ഥാപനത്തിന്റെ ഡയറക്ടർക്ക് അധികാരമുണ്ടായിരിക്കും.

31. എല്ലാ വിവരങ്ങളും രേഖപ്പെടുത്താത്ത ക്വട്ടേഷനുകൾ പരിഗണിക്കുന്നതല്ല.

32. സ്ഥാപനത്തിലെ സ്ഥിരം/കരാർ/താല്കാലിക ജീവനക്കാരും അവരുടെ ബന്ധുക്കളും ദർഘാസ് സമർപ്പിക്കാൻ പാടില്ല.

33. സർക്കാർ ഏതെങ്കിലും പ്രത്യേകം ഉത്തരവ് പ്രകാരം EMD അടവാക്കുന്നതിൽ നിന്നും ഇളവു നൽകിയിട്ടുള്ള വ്യക്തികൾ, ഏജൻസികൾ എന്നിവർ സമർപ്പിക്കുന്ന ദർഘാസ് കളിൽ EMD അടവാക്കുന്നതിൽ നിന്നും ഒഴിവാക്കി കൊണ്ടുള്ള സർക്കാർ ഉത്തരവിൻറെ പകർപ്പ്, പ്രസ്തുത ആനുകൂല്യം ലഭ്യമാകാനുള്ള മറ്റ് രേഖകൾ എന്നിവ കൂടി സമർപ്പിക്കേണ്ടതാണ്. സർക്കാർ ഉത്തരവിന്റെ പകർപ്പ്,രേഖകൾ എന്നിവ ഇല്ലാതെ സമർപ്പിക്കുന്ന ദർഘാസുകൾ പരിഗണിക്കുന്നതല്ല.

34.നിർദ്ദിഷ്ട സമയപരിധി കഴിഞ്ഞ് ലഭിക്കുന്ന ക്വട്ടേഷൻ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

ക്വട്ടേഷനുകൾ 22/05/2026 തീയതി ഉച്ചക്ക് 1.00 മണി വരെ സ്വീകരിക്കുന്നതും അതിനു ശേഷം അന്നേ ദിവസം 3.00 മണിക്ക് തുറന്നു പരിശോധിക്കുന്നതുമാണ്. ക്വട്ടേഷനുകൾ സ്വീകരിക്കുന്ന അവസാന ദിവസം എന്തെങ്കിലും കാരണത്താൽ പൊതു അവധി/പ്രാദേശിക അവധി ആയിരിക്കുന്ന പക്ഷം ആയത് തൊട്ടടുത്ത പ്രവൃത്തി ദിവസം ഉച്ചയ്ക്ക് 1 മണി വരെ സ്വീകരിക്കുന്നതും അന്നേ ദിവസം വൈകുന്നേരം 3.00 മണിക്ക് തുറന്ന് പരിശോധിക്കേണ്ടതുമാണ്.

ദർഘാസ് സംബന്ധിച്ച് വിശദാംശങ്ങൾക്ക് നേരിട്ടോ ചുവടെ കൊടുത്തരിക്കുന്ന ഫോൺ മുഖേനയോ ഇ -മെയിൽ മുഖേനയോ ഈ സ്ഥാപനവുമായി ബന്ധപ്പെടാവുന്നതാണ്.

Phone No. +91 2304882, 2303763

E- mail ID : keralasacs@gmail.com

Website : www.ksacs.kerala.gov.in

Digitally signed by
PEEYUSH MAKKAD
Date: 04-05-2026
16:57:03

പ്രൊജക്ട് ഡയറക്ടർ
കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റി

**കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റി(KSACS)**

**തിരുവനന്തപുരം**

(ഫാറത്തിലെ എല്ലാ കോളങ്ങളും പൂരിപ്പിക്കേണ്ടതും പൂർണ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതുമാണ്)

| | | |
|---|---|---|
| 1 | ദർഘാസ് നൽകുന്ന വാഹന ഉടമസ്ഥന്റെ/ഏജൻസിയുടെ പേര്, പൂർണ്ണമായ മേൽവിലാസം(പിൻകോഡ് ഉൾപ്പെടെ) | |
| 2 | ഫോൺ നമ്പർ, ഇ-മെയിൽ | |
| 3 | ലഭ്യമാക്കുന്ന വാഹനത്തിന്റെ പേര്, നമ്പർ മറ്റ് വിവരങ്ങൾ | |
| 4 | വാഹനത്തിൻറെ രജിസ്ട്രേഷൻ ,മാസവും വർഷവും (രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ് വയ്ക്കുക) | |
| 5 | EMD യുടെ Demand draft No. ബാങ്ക്, | |
| 6 | ലഭ്യമാക്കുന്ന വാഹനം ദർഘാസ് തീയതി വരെ ഓടിയ കി.മീറ്റർ | |
| 7 | വാഹന ഉടമസ്ഥന്റെ മേൽവിലാസം തെളിയിക്കുന്നതിനായുള്ള രേഖകൾ (ആധാർ കാർഡ്, ഡ്രൈവിംഗ് ലൈസൻസ് രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം) | |
| 8 | വാഹന ദാതാവിന്റെ PAN (PAN കാർഡിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം) | |
| 9 | വാഹനം ഒരു മാസത്തേക്ക് ഓടുന്നതിന് ആവശ്യപ്പെടുന്ന മാസനിരക്ക് (നികുതി ഉൾപ്പെടെ)<br>1500 Km വരെയും അതിനു ശേഷവും ഉള്ള തുക | |
| 10 | 1500കിലോമീറ്ററിൽ അധികരിച്ച ദൂരത്തിന് ക്വാട്ട് ചെയ്യുന്ന തുക (കിലോമീറ്ററിന്), | |
| 11 | ഡ്രൈവറുടെ ലൈസൻസ് നമ്പർ, ആധാർ കോപ്പി(സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം) | |

വാഹനം നൽകുന്നതിനും ഓടുന്നതിനും പ്രസിദ്ധീകരിക്കപ്പെട്ട എല്ലാ നിബന്ധനകളും സമ്മതമാണെന്നും, ഇത് ഞാൻ തന്നെ രേഖപ്പെടുത്തി ഒപ്പ് വച്ചിട്ടുള്ളതാണെന്നും, ഇവ കരാറിന്റെ ഭാഗമാക്കുന്നതിന് സമ്മതമാണെന്നും പ്രസ്താവിക്കുന്നു.

ഒപ്പ് :

പേര് :

മേൽവിലാസം:

(ഫോൺ നമ്പർ ഉൾപ്പെടെ)